# പതിനാലാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1430** **13.07.2016**-ൽ മറുപടിക്ക്

## കാൻസർ ചികിൽസ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. വി.എസ്.ശിവകുമാർ**<br>**ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. എൽദോസ് കുന്നപ്പിള്ളി**<br>**ശ്രീ. അൻവർ സാദത്ത്** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | സംസ്ഥാനത്ത് കാൻസർ ചികിൽസക്ക് എന്തെല്ലാം കർമ്മ പദ്ധതികളാണ് മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | സുകൃതം, കാരുണ്യ പദ്ധതികൾ നേരത്തെ ലഭ്യമായിട്ടുള്ള കാൻസർ സുരക്ഷാ സ്കീം, ആർ .എസ്.ബി. വൈ./ചിസ് പ്ലസ് മുതലായവ തുടർന്ന് പോകുന്നു. |
| (ബി) | കാൻസർ ചികിൽസക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ആശുപത്രികളിൽ ലഭ്യമാക്കിയതെന്ന് വിശദമാക്കാമോ; | (ബി) | കാൻസർ ചികിൽസയ്ക്കാവശ്യമുള്ള എല്ലാ ചികിൽസാ സൗകര്യങ്ങളും, ന്യൂക്ലിയാർ മെഡിസിൻ സംവിധാനം ഒഴികെ, നിലവിൽ മലബാർ കാൻസർ സെന്ററിൽ ലഭ്യമാണ്. ആർ.സി.സി.യിൽ എത്തുന്ന രോഗികൾക്കായി ലഭ്യമാകുന്ന സൗകര്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പാവപ്പെട്ട കാൻസർ രോഗികൾക്ക് എന്തെല്ലാം സൗജന്യങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (സി) | മലബാർ കാൻസർ സെന്ററിൽ ചികിൽസയ്ക്കെത്തുന്ന ഭൂരിഭാഗം രോഗികൾക്കും സർക്കാരിന്റെ വിവിധ ധനസഹായ പദ്ധതികളിൽ ഉൾപ്പെടുത്തി സൗജന്യ ചികിൽസ നൽകി വരുന്നു. നിലവിൽ മലബാർ കാൻസർ സെന്ററിൽ ലഭ്യമായ സർക്കാർ ധനസഹായ പദ്ധതികൾ താഴെ പറയുന്നു.<br>• ചിസ് പ്ലസ് സ്കീം<br>• കാരുണ്യ ബനവലന്റ് ഫണ്ട്<br>• സുകൃതം<br>• കാൻസർ സുരക്ഷാ സ്കീം.<br>മേൽ പദ്ധതികൾക്ക് പുറമെ നിർധനരായ രോഗികൾക്ക് മലബാർ കാൻസർ സെന്റർ സ്വരൂപിക്കുന്ന Patient Welfare Fund, akshaya Fund എന്നിവയിൽ നിന്നും ചികിൽസാ |

| | | | |
|---|---|---|---|
| | | | സഹായം നൽകി വരുന്നുണ്ട്. ഇത് കൂടാതെ രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും എല്ലാ ദിവസവും സൗജന്യ ഭക്ഷണം നൽകി വരുന്നുണ്ട്. തലശ്ശേരിയിൽ നിന്നും മലബാർ കാൻസർ സെന്ററിലേയ്ക്ക് എല്ലാ ദിവസവും രോഗികൾക്ക് സൗജന്യ യാത്രയും ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്ത് കാൻസർ ചികിത്സ പൂർണ്ണമായും സൗജന്യമാക്കിയിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ സുകൃതം പദ്ധതി പ്രകാരം കേരളത്തിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കാൻസർ രോഗികൾക്ക് 3 ലക്ഷം വരെയുള്ള എല്ലാ പരിശോധനകളും ചികിത്സകളും സൗജന്യമായി നൽകി വരുന്നു. കൂടാതെ കാൻസർ സുരക്ഷാ പദ്ധതി പ്രകാരം 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ആർ.സി.സി.യിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിലും സൗജന്യ ചികിത്സ ലഭ്യമാണ്. കാരുണ്യ ബെനവലന്റ് ഫണ്ട് പ്രകാരം 3 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള വർക്ക് 1 ലക്ഷം രൂപ വരെ സൗജന്യ ചികിത്സ, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പൂർണ്ണമായും സൗജന്യ ചികിത്സ, സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി പ്രകാരം ചിസ് പ്ലസ് കാർഡുള്ളവർക്ക് 70,000/- രൂപ വരെയുള്ള സൗജന്യ ചികിത്സ, കേന്ദ്ര സർക്കാർ പദ്ധതിയായ രാഷ്ട്രീയ ആരോഗ്യ നിധി പ്രകാരം 1 ലക്ഷം രൂപ വരെ ചികിത്സ ആനുകൂല്യം ഇടങ്ങിയവ ലഭ്യമാണ്. |
| (ഡി) | ഇതിനായി ഭരണതലത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ഡി) | സുകൃതം പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി മുഖ്യമന്ത്രി ചെയർമാനായി കേരള കാൻസർ കെയർ സൊസൈറ്റി രൂപീകരിച്ചു. പൊതു ജനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും കോർപ്പറേറ്റുകളിൽ നിന്നും സുകൃതം പദ്ധതിയ്ക്കായി ഫണ്ട് സമാഹരിക്കുന്നതിന് വേണ്ടി ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം -I

ആർ.സി.സി.യിൽ എത്തുന്ന രോഗികൾക്കായി താഴെപറയുന്ന രോഗ നിർണ്ണയ ചികിത്സ സൗകര്യങ്ങൾ ലഭ്യമാണ്. 1. പെറ്റ് സ്കാനർ, എം.ആർ. ഐ, സി.റ്റി.,മാമ്മോഗ്രഫി,എക്സ് - റേ യൂണിറ്റുകൾ, ഗാമ ക്യാമറ, അൾട്രാ സൗണ്ട് മെഷീനുകൾ, പിക്ചർ ആർക്കൈവിംഗ് ആന്റ് കമ്മ്യൂണിക്കേഷൻ സിസ്റ്റം, ആട്ടോമേറ്റഡ് ബ്ലഡ് കൾച്ചർ സംവിധാനം , ബ്ലഡ് അഫറസിസ് യൂണിറ്റ്, ബ്ലഡ് ഇറാഡിയേറ്റർ യൂണിറ്റ്, ആട്ടോമേറ്റഡ് ഐഡന്റിഫിക്കേഷൻ ആന്റ് സെൻസിറ്റിവിറ്റി സിസ്റ്റംസ്, ഫ്ളൂറസെന്റ് ഇൻ-സിറ്റു ഹൈബ്രിഡേഷൻ,
റിയൽ ടൈം പോളിമറൈസ് ചെയിൻ റിയാക്ഷൻ

റേഡിയേഷൻ ചികിത്സയ്ക്കായി താഴെപ്പറയുന്ന ചികിത്സാസംവിധാനങ്ങൾ **ആർ.സി.സിയിൽ നിലവിലുണ്ട്.**

1. ലിനിയർ ആക്സിലറേറ്റർ
2. ടെലി കൊബാൾട്ട് യൂണിറ്റ്
3. **ഡിജിറ്റൽ സിമുലേറ്റർ**
4. **4 ഡി പ്ലാനിംഗ് സി.റ്റി**
5. ട്രീറ്റ്മെന്റ് പ്ളാനിംഗ് സിസ്റ്റം
6. ബ്രാക്കിതെറാപ്പി സൗകര്യങ്ങൾ
7. സ്റ്റീരിയോടാക്ടിക്ക് റേഡിയോ സർജറി, IMRT, IGRT

അത്യന്താധുനിക സംവിധാനങ്ങളുള്ള 6 മേജർ ഓപ്പറേഷൻ തീയേറ്ററുകളിൽ താഴെപ്പറയുന്ന ശസ്ത്രക്രിയാ സംവിധാനങ്ങൾ നിലവിലുണ്ട്.

1. മിനിമൽ ഇൻവേസീവ് സർജറി
2. സെന്റിനൽ ലിംബ് നോഡ് ബയോപ്സി
3. ലേസർ ഫോർ മൈക്രോ ലാരിൻജ്യൽ സർജറി
4. പ്രിസിഷൻ ഡ്രിൽ ആൻഡ് സാ സിസ്റ്റം
5. സ്റ്റേറ്റ് ഓഫ് ദി ആർട്ട് ഐ.സി. യൂണിറ്റ്
6. **മൊബൈൽ സി. ആം ഇന്റൻസിഫയർ**

കൂടാതെ താഴെപ്പറയുന്ന മറ്റു സംവിധാനങ്ങളും ആർ.സി.സിയിൽ നിലവിലുണ്ട്.

1. 50 കിടക്കകളോടു കൂടിയ പീഡിയാട്രിക്ക് ഓങ്കോളജി വാർഡ്
2. അത്യന്താധുനിക സംവിധാനങ്ങൾ ഉള്ള പീഡിയാട്രിക്ക് ഓങ്കോളജി ഐ.സി. യൂണിറ്റ്
3. **സാന്ത്വന ചികിത്സാ വിഭാഗം**
4. **ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ്**
5. **മൈക്രോബയോളജി യൂണിറ്റ്**
6. കാൻസർ എപ്പിഡമിയോളജി യൂണിറ്റ്
7. കമ്മ്യൂണിറ്റി ഓങ്കോളജി യൂണിറ്റ്
8. പത്തോളജി യൂണിറ്റ്
9. കാൻസർ റിസർച്ച് വിങ്ങ്

10. അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ബ്ളഡ് ബാങ്ക്
11. 24 മണിക്കൂറും പ്രവർത്തിക്കുന്ന ക്ലിനിക്കൽ ലബോറട്ടറി
12. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫാർമസി

കാൻസർ നിർണ്ണയ ചികിത്സാരംഗത്ത് പ്രാവീണ്യമുള്ളവരെ വാർത്തെടുക്കുന്നതിന് ആർ.സി.സിയിൽ വിവിധ സ്പെഷ്യാലിറ്റികളിൽ സൂപ്പർ സ്പെഷ്യാലിറ്റി (MCh. Surgical Oncology, DM in Paediatric / Medical Oncology), പോസ്റ്റു ഗ്രാഡുവേറ്റ് (MD in Radiotherapy / Radiodiagnosis/ Anaesthesia/ Pathology), പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് കോഴ്സുകളും മറ്റു ട്രെയിനിംഗ് പ്രോഗ്രാമുകളും നടത്തി വരുന്നു. ഇതിൽ സൂപ്പർ സ്പെഷ്യാലിറ്റി, പോസ്റ്റു ഗ്രാഡുവേറ്റ്, കോഴ്സുകൾ മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അനുവാദവും കേരള ആരോഗ്യ സർവ്വകലാശാലയുടെ അംഗീകാരവുമുണ്ട്. അറ്റോമിക്ക് എനർജി റെഗുലേറ്റി ബോർഡിന്റെ അനുവാദത്തോടു കൂടി കേരള ആരോഗ്യ സർവ്വകലാശാലയുടെയും അംഗീകാരമുള്ള പോസ്റ്റ് എം.എസ്സ്.സി ഡിപ്ലോമ ഇൻ റേഡിയേഷൻ കോഴ്സും ഇൻഡ്യൻ നഴ്സസ് കൗൺസിലിന്റെയും കേരള നഴ്സസ് ആൻഡ് മിഡ് വൈവ്സ് കൗൺസിലിന്റെയും അംഗീകാരത്തോടു കൂടിയുള്ള പോസ്റ്റ് ബേസിക്ക് ഡിപ്ലോമ ഇൻ ഓങ്കോളജി നഴ്സിംഗ് കോഴ്സും ആർ.സി.സിയിൽ നടത്തുന്നു. എല്ലാത്തിനും പുറമെ മറ്റു യൂണിവേഴ്സിറ്റികളിൽ നിന്നും കോളേജിൽ നിന്നും വരുന്ന വിദ്യാർത്ഥികൾക്കും ഹ്രസ്വകാല പരിശീലനവും ആർ.സി.സിയിൽ നൽകുന്നുണ്ട്.

ആർ.സി.സിയുടെ വിപുലീകരണത്തിനായുള്ള ഫണ്ട് വിനിയോഗത്തിൽ മുൻ സർക്കാരിന്റെ ഭാഗത്തു നിന്നും സമയബന്ധിതമായ നടപടികൾ ഉണ്ടായിട്ടുണ്ട്. ഇവിടെ എത്തുന്ന രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് പുതുതായി പണി പൂർത്തിയാക്കിയ 1,34,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പത്തു നില കെട്ടിടത്തിൽ താഴെ പറയുന്ന സേവനങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

1. പെറ്റ് സ്ക്കാനർ (PET Scanner)
2. സ്പെക്റ്റ് സി.റ്റി (SPECT C.T)
3. ഗാമാ ക്യാമറ
4. പീഡിയാട്രിക് ഓങ്കോളജി ഒഴികെയുള്ള ഔട്ട് പെഷ്യൻറ് സർവ്വീസുകൾ
5. കിമോതെറാപ്പി വാർഡുകൾ
6. അഡ്മിനിസ്ട്രറ്റീവ് ഓഫീസ്
7. കാൻസർ രജിസ്ട്രി
8. ഡാററാ സെൻറൽ
9. ടെലി മെഡിസിൻ

(signature)
സെക്ഷൻ ഓഫീസർ